**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4153** **17-03-2025 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് വകുപ്പിലെ ജീവനക്കാര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമപഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ എണ്ണം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പഞ്ചായത്ത് വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; തദ്ദേശ പൊതു സർവ്വീസ് രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ പഞ്ചായത്ത് വകുപ്പിലെ എത്ര തസ്തികകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | പഞ്ചായത്ത് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് GST നടപ്പിലാക്കിയതോടെ ചെക്പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികം വന്ന തസ്തികകൾ പഞ്ചായത്തുകളിലേക്ക് വിന്യസിക്കേണ്ടതാണ് എന്നുള്ള 2020-2021 ലെ സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 208 ഓഫീസ് അറ്റന്റന്റ് തസ്തികകൾ ടി വകുപ്പിന്റെ കേഡറിൽ നിന്ന് കുറവ് വരുത്തി ആയത് പഞ്ചായത്ത് വകുപ്പിൽ 14 ജില്ലകളിൽ ആയി പുനർവിന്യസിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 10.11.2022 തീയതിയിലെ സ ഉ (കൈ) നം. 250/2022/LSGD നമ്പർ ഉത്തരവ് പ്രകാരം 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 താൽക്കാലിക തസ്തിക അനുവദിച്ചിട്ടുള്ളതാണ്.<br><br>25.06.2022 തീയതിയിലെ സ ഉ (കൈ ) നം.134/2022/LSGD നമ്പർ പ്രകാരം പഞ്ചായത്ത് വകുപ്പിൽ അപ്ഗ്രേഡ് ചെയ്ത തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം | നിലവിലുണ്ടായിരുന്ന തസ്തിക | അപ്ഗ്രേഡ് ചെയ്ത തസ്തിക |
|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | ഡെപ്യൂട്ടി ഡയറക്ടർ |
| 2 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് | അസിസ്റ്റന്റ് ഡയറക്ടർ |
| 3 | ഇന്റേണൽ വിജിലൻസ് ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ |
| 4 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | അസിസ്റ്റന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | 5 | പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ പഞ്ചായത്ത് വകുപ്പ് | അസിസ്റ്റന്റ് ഡയറക്ടർ |
| | | | 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 പഞ്ചായത്ത് വകുപ്പ് | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 |

സെക്ഷൻ ഓഫീസർ